# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.327 — 17.10.2016 - ൽ മറുപടിക്ക്

## <u>കേരള നേഴ്സസ് & മിഡ് വൈവ്സ് കൗൺസിൽ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | കേരള നേഴ്സസ് & മിഡ് വൈവ്സ് കൗൺസിലിൽ 01.01.2000-നും 31.12.2010-നുമിടയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ രജിസ്ട്രേഷൻ പുതുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യം വിശദമാക്കുമോ; | എ) | ഉണ്ട്. മറ്റ് സംസ്ഥാന നേഴ്സിംഗ് കൗൺസിലുകൾ അഞ്ച് വർഷ കാലാവധി വച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേരള നേഴ്സസ് & മിഡ് വൈവ്സ് കൗൺസിൽ 01.01.2013 മുതൽ നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ അഞ്ച് വർഷം കാലാവധി വച്ചാണ് നൽകി വരുന്നത്. കേരള നേഴ്സസ് & മിഡ് വൈവ്സ് കൗൺസിൽ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് 01.01.2000 നും 31.12.2010 നും ഇടക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നടപടി സ്വീകരിച്ചത്. ടി കാലയളവിൽ രജിസ്റ്റർ ചെയ്തവർക്ക് സർട്ടിഫിക്കറ്റ് പുതുക്കുന്നതിന് ഇപ്പോൾ സമയപരിധി നിശ്ചയിച്ചിട്ടില്ല. വിതരണം ചെയ്യുന്ന തീയതി മുതൽ അഞ്ച് വർഷ കാലാവധി വച്ചാണ് പുതുക്കിയ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. രജിസ്ട്രേഷൻ അഞ്ച് വർഷത്തിലൊരിക്കൽ പുതുക്കണമെന്നും ഒരു വർഷം 30 മണിക്കൂർ തുടർവിദ്യാഭ്യാസ പരിപാടികളിൽ പങ്കെടുത്ത് 150 മണിക്കൂർ പൂർത്തികരിക്കണമെന്നും ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ നിർദ്ദേശം നിലവിലുണ്ട്. |
| ബി) | പ്രസ്തുത കൗൺസിൽ നൽകുന്ന സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫീസ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ